# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ-അസി. ഡെൻറൽ സർജൻമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനം പുനർ നിർണ്ണയിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ്.

സൂചന:- 1) സ.ഉ (എം.എസ്) നം 433/13/ആ.കു.വ. തീയതി 12/7/2010.
2) ഡോ. സുനിത ജോണിൻെറ 27/9/17ലെ അപേക്ഷ.
3) ഈ ആഫീസിലെ 3/2/18 ലെ ഇതേ നം നോട്ടീസ്.

**ഉത്തരവ് നം. ഇ.എസ്.4-86745/17/ആ.വ.ഡ തീയതി 15/3/2018.**

പാലക്കാട് ജില്ലാ ആശുപത്രിയിൽ അസിസ്റ്റൻറ് ഡെൻറൽ സർജനായി 7/7/2000ൽ ജോലിയിൽ പ്രവേശിച്ച ഡോ. സുനിത ജോണിൻെറ പേര് സൂചന '1' പ്രകാരം പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റിൽ 9/2/2001ൽ ജോലിയിൽ പ്രവേശിച്ച ഡോ. അനിത ആർ. ന് താഴെ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നത് പുനർപരിശോധിക്കണമെന്ന് സൂചന '2' പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട രേഖകൾ, പി.എസ്.സി.യുടെ നിയമന ശുപാർശ, നിയമന ഉത്തരവ്, അക്കൗണ്ടൻറ് ജനറൽ ആഫീസിൽ നിന്ന് ലഭ്യമാക്കിയ സേവന വിവരങ്ങൾ എന്നിവയുമായി ഒത്തുനോക്കി പരിശോധിച്ചതിൽ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു.

ആയതിൻെറ അടിസ്ഥാനത്തിൽ മേൽ സീനിയോറിറ്റി ലിസ്റ്റിൽ വന്ന അപാകത പരിഹരിച്ച് ഡോ. സുനിത ജോണിന് റാങ്ക് നം 31ഉം, ഡോ. അനിത ആർ.ന് റാങ്ക് നം 32ഉം ആയി താൽകാലികമായി പുനർനിർണ്ണയിച്ച് സൂചന 3 പ്രകാരം നോട്ടീസ് പുറപ്പെടു വിച്ചിരുന്നു.

പ്രസ്തുത നോട്ടിസിനുമേൽ യാതൊരു ആക്ഷേപവും നാളിതുവരെയും ലഭിക്കുക യുണ്ടായില്ല.

മേൽ സാഹചര്യത്തിൽ അസിസ്റ്റൻറ് ഡെൻറൽ സർജൻമാരുടെ സീനിയൊറ്റിട്ടി പട്ടികയിൽ ഡോ. സുനിത ജോണിന് 31-ാം സ്ഥാനവും ഡോ. അനിതക്ക് 32-ാം സ്ഥാനവും നൽകുവാനുള്ള താൽകാലിക തീരുമാനം ഇതിനാൽ സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിറ്റി പട്ടികയിലെ | |
|---|---|---|---|---|---|
| | | | | നിലവിലെ റാങ്ക് നമ്പർ | പുതുക്കിയ റാങ്ക് നമ്പർ |
| 1 | ഡോ. സുനിത ജോൺ | 23.05.1970 | 07.07.2000 | 32 | 31 |
| 2 | ഡോ. അനിത ആർ. | 23.05.1970 | 09.02.2001 | 31 | 32 |

ഡോ. സരിത ആർ.എൽ.
ആരോഗ്യവകുപ്പ് ഡയറക്ടർ

ഡോ. സുനിത ജോൺ, അസിസ്റ്റൻറ് ഡെൻറൽ സർജൻ
താലൂക്ക് ആസ്ഥാന ആശുപത്രി, റാന്നി, പത്തനംതിട്ട

പകർപ്പ്: 1) ജില്ലാ മെഡിക്കൽ ആഫീസർ, പത്തനംതിട്ട